**"ഭരണഭാഷ-മാതൃഭാഷ"**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. DB3/5215/2017/സിഇ/എൽ.എസ്.ജി.ഡി | തീയതി: 08/05/2020

# പരിപത്രം

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – എഞ്ചിനീയറിംഗ് വിഭാഗം – നടപ്പു സാമ്പത്തിക വർഷത്തിലെ ആദ്യ രണ്ട് പാദങ്ങളിൽ പ്രാധാന്യം നൽകി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ - സംബന്ധിച്ച്

സൂചന:- സർക്കാരിൽ നിന്നുള്ള നിർദ്ദേശം

*****

കോവിഡ് – 19 മഹാമാരിയെ തുടർന്ന് സംസ്ഥാനം അസാധാരണ സാഹചര്യം നേരിടുകയാണ്. ടി പശ്ചാത്തലത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിലെ **ഏപ്രിൽ മുതൽ ജൂൺ** വരെ ഉൾപ്പെടുന്ന ആദ്യ പാദത്തിലും, **ജൂലൈ മുതൽ സെപ്റ്റംബർ** വരെ ഉൾപ്പെടുന്ന രണ്ടാം പാദത്തിലും താരതമ്യേന അടിയന്തര പ്രാധാന്യം അർഹിക്കുന്ന പ്രവൃത്തികൾ **മുൻഗണന നൽകി** പൂർത്തീകരിച്ച് ആയവയുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി രണ്ട് പാദങ്ങളിൽ അടിയന്തര പ്രാധാന്യം നൽകി പൂർത്തീകരിക്കേണ്ട പ്രവർത്തികളുടെ തരം ചുവടെ ചേർത്തിട്ടുള്ള പ്രകാരമാണ്.

1. സ്കൂൾ, അംഗനവാടികൾ മുതലയാവയിലെ അറ്റകുറ്റ പണികൾ അധ്യയന വർഷാരംഭത്തിന് മുന്നോടിയായി പൂർത്തീകരിക്കണം.

2. റോഡുകൾ, ഡ്രെയിനുകൾ, റീടെയ്നിംഗ്-വാളുകൾ മുതലായവയുടെ അറ്റകുറ്റ പണികളും, ചെറിയ നീളത്തിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കലും, അടിയന്തരമായി ചെയ്യേണ്ട പുതിയ ഡ്രെയിനുകൾ, റീടെയ്നിംഗ്-വാളുകൾ, തോട്, നീർച്ചാലുകൾ, ജലാശയങ്ങളുടെ ശുചീകരണ പ്രവൃത്തികൾ എന്നിവയെല്ലാം കാലവർഷാരംഭത്തിന് മുന്നോടിയായി പൂർത്തീകരിക്കണം.

3. കുടിവെള്ള പദ്ധതികൾ, കിണറുകൾ മുതലായവയുടെ അറ്റകുറ്റ പണികളും, ഇവയുടെ പുതിയ പ്രവൃത്തികളും പൂർത്തീകരിക്കണം.

4. ആശുപത്രികൾ, പി.എച്ച്.സി കൾ മതുലയാവ കെട്ടിടങ്ങളിലെ അറ്റകുറ്റ പണികൾ, നിർമ്മാണ പ്രവൃത്തികൾ എന്നിവപൂർത്തീകരിക്കണം

മേൽ വിവരിച്ചിട്ടുള്ള തരം പ്രവൃത്തികൾക്ക് അടിയന്തര പ്രാധാന്യം നൽകി, ആദ്യരണ്ട് പാദങ്ങളിൽ പൂർത്തീകരിക്കുമ്പോൾ മറ്റ് പ്രവൃത്തികളുടെ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിലോ, പ്രവൃത്തി ആരംഭിക്കുന്നതിലോ തടസ്സം നേരിടാനോ നടത്തിപ്പിൽ പിന്നാക്കം പോകുവാനോ പാടുള്ളതല്ല.

മേൽ വിവരിച്ച പ്രകാരം സയമബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളിൽ ആദ്യ രണ്ട് പാദങ്ങളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുന്ന പട്ടിക തയ്യാറാക്കി ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് അതാത് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എല്ലാ ആഴ്ചയിലും അവലോകനം നടത്തേണ്ടതും, ആയതിന്റെ റിപ്പോർട്ട് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കേണ്ടതുമാണ്. ജില്ലയിൽ ഉൾപ്പെടുന്നതായ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ പ്രവൃത്തികൾ മേൽ വിവരിച്ചിട്ടുള്ള സമയക്രമം പാലിച്ച് പുരോഗമിക്കുന്നുണ്ടെന്ന് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉറപ്പു വരുത്തുകയും വേണം. ഇതിനാവശ്യമായ അവലോകന യോഗങ്ങൾ രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തി ആയതിന്റെ റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. മുനിസിപ്പാറ്റികളിലെ പ്രവൃത്തികൾ അതാത് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപ്പറേഷനുകളിലേത് അതാത് കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, ആദ്യ രണ്ട് പാദങ്ങളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം.

**ചീഫ് എഞ്ചിനീയർ**

എൻ.പി/-